"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E1-27670/2022/PrHQ ; തീയതി : 17-11-2022

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 14) വകുപ്പിന്റെ 07/11/2022 തീയതിയിലെ സ.ഉ(കൈ) നം 24/2022/P&ARD നമ്പർ ഉത്തരവ് അറിവിലേക്കും തുടർനടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിനോദ് കുമാർ എം കെ
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിനു വേണ്ടി

സ്വീകർത്താവ്: **ഡി.ഐ.ജി (പ്രിസൺസ്)**
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല

പകർപ്പ് : എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും
ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

"ഭരണഭാഷ- മാതൃഭാഷ"

**150 YEARS OF CELEBRATING THE MAHATMA**

**കേരള സർക്കാർ**

**സംഗ്രഹം**

ജീവനക്കാര്യം - സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും - ഭിന്നശേഷിയുള്ള ജീവിത പങ്കാളിയെ സംരക്ഷിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് പൊതുസ്ഥലംമാറ്റത്തിൽ ഇളവ് അനുവദിച്ച്- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ- 14) വകുപ്പ്**

സ.ഉ.(കൈ) നം.24/2022/P&ARD  തീയതി,തിരുവനന്തപുരം, 07-11-2022

---

പരാമർശം:-

1. 25.02.2017 തീയതിയിലെ സ.ഉ(അ) നം.3/17/ഉഭപവ.
2. 29.08.2017-തീയതിയിലെ സ.ഉ(കൈ) നം.18/2017/ഉ.ഭ.പ.വ.
3. കേന്ദ്ര സർക്കാരിന്റെ 08.10.2018-ലെ 42011/3/2014.Estt.(Res) നമ്പർ ഓഫീസ് മെമ്മോറാണ്ടം.
4. കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-23) മുമ്പാകെ Differently Abled Employees Association വർക്കിംഗ് പ്രസിഡന്റ് ശ്രീ.ബിജു ടി.കെ. 29.05.2022 തീയതിയിൽ സമർപ്പിച്ച ഹർജി.
5. 26.09.2022 തീയതിയിലെ സ.ഉ.(കൈ) നം.22/2022/ഉ.ഭ.പ.വ.

**ഉത്തരവ്**

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്ക്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 11-ൽ സ്ഥലമാറ്റത്തിനും നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി പ്രത്യേക മുൻഗണന അർഹിക്കുന്ന പരിരക്ഷിക്കപ്പെട്ട/പ്രഥമഗണനീയ വിഭാഗങ്ങൾ അനുബന്ധ പ്രകാരം നിശ്ചയിച്ച് ഉത്തരവായിരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് പൊതു സ്ഥലംമാറ്റത്തിൽ ഇളവ് നല്കി പരാമർശം (5) പ്രകാരം ഖണ്ഡിക 11 ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2.ഭിന്നശേഷിക്കാരെ ജീവിത പങ്കാളികളാക്കുന്ന സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങളിലെ പുരുഷ ജീവനക്കാർക്കും വനിത ജീവനക്കാർക്കും പൊതുസ്ഥലംമാറ്റ സമയത്തോ സ്ഥാനക്കയറ്റ സമയത്തോ അല്ലാതെയുള്ള സ്ഥലംമാറ്റങ്ങളിലോ സ്വന്തം ജില്ലയിൽ തന്നെ പരമാവധി വാസസ്ഥലത്തിനോടടുത്ത് നിലനിർത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടേയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി (2021-23) മുമ്പാകെ ശ്രീ.ബിജു.ടി.കെ പരാമർശം (4)

പ്രകാരം ഹർജി സമർപ്പിക്കുകയുണ്ടായി.

3. പ്രസ്തുത ഹർജി സർക്കാർ വിശദമായി പരിശോധിച്ചു.പരാമർശം (3) ലെ ഓഫീസ് മെമ്മോറാണ്ടത്തിലെ ഖണ്ഡിക 3(i) ൽ പരാമർശിക്കും വിധം ഭിന്നശേഷിയുള്ള ജീവിത പങ്കാളി (*Spouse*) യെ സംരക്ഷിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരെ കഴിവതും പൊതുസ്ഥലംമാറ്റത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു കൊണ്ട് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 11 ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (5 ) ഉത്തരവിലെ II,III വ്യവസ്ഥകൾ ഇക്കാര്യത്തിലും ബാധകമാണ്.

4. പരാമർശം (1) ലെ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽസെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/സെക്രട്ടേറിയറ്റിലെ എല്ലാ ഓഫീസർമാർക്കും.
എല്ലാ വകുപ്പമേധാവികൾക്കും/ഓഫീസുകൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ വകുപ്പകൾക്കും എല്ലാ സെക്ഷനുകൾക്കും.
രജിസ്ട്രാർ,കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/ശ്രീ.ശങ്കരാചാര്യ (സംസ്കൃത) സർവ്വകലാശാല.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
രജിസ്ട്രാർ, ഹൈക്കോടതി,എറണാകുളം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
രജിസ്ട്രാർ, കേരള ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ.
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി നിലയം, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടേയും മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്.
I&PRD-സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി.

ഉത്തരവിൻ പ്രകാരം

Signed by Dr Usha Kumari A
Date: 08-11-2022 11:11:02
സെക്ഷൻ ഓഫീസർ